# ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

**(ഹാജർ : അജിത്ദാസ്.കെ)**

വിഷയം:- ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം- ശ്രീ.ജിൻഷാദ് ഹസ്സൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II - പ്രീ-സർവ്വീസ് പരിശീലനകാലം ഇൻ-സർവ്വീസാക്കി പരിഗണിച്ച് - ഉത്തരവാകുന്നു.

പരാമർശം:- 1) GO(MS) No.54/2016/LSGD, തീയതി. 11.03.2016
2) Order No.4182/JRY3/2016/CRD, dated. 06.05.2016
3) മണ്ണുത്തി പരിശീലന കേന്ദ്രം പ്രിൻസിപ്പാളുടെ 06.10.2016 ലെ ബി.220/2016-ാം നമ്പർ കത്ത്.
4) GO(MS) No.137/2016/LSGD, തീയതി. 28.09.2016
5) ഈ ഓഫീസിലെ 14.10.2016 ലെ ഇതേ നമ്പർ ഉത്തരവ്
6) ആലപ്പുഴ എഡിസി(ജ) ന്റെ 16.01.2017 ലെ ഡി1/129/2017 നമ്പർ കത്ത്.

**ഉത്തരവ് നം.17019/എസ്റ്റാ.ബി2/16/സി.ആർ.ഡി. തീയതി. 18.09.2017**

സൂചന (1) പ്രകാരം ശ്രീ.ജിൻഷാദ് ഹസ്സനെ ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II -തസ്തികയിൽ നിയമനം നൽകുന്നതിന് അനുവാദം നൽകിയിട്ടുള്ളതാകുന്നു.

സൂചന (2) പ്രകാരം ശ്രീ.ജിൻഷാദ് ഹസ്സനെ ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ഗ്രേഡ് II -തസ്തികയിൽ നിയമിച്ച് മണ്ണുത്തി എക്സ്റ്റെൻഷൻ ട്രെയിനിംഗ് സെന്ററിൽ 25.05.2016 മുതൽ പ്രീ-സർവ്വീസ് പരിശീലനത്തിനായി നിയമിച്ചിട്ടുള്ളതാകുന്നു.

സൂചന (3) പ്രകാരം ശ്രീ.ജിൻഷാദ് ഹസ്സൻെ 25.05.2016 മുതൽ 06.10.2016 വരെ മണ്ണുത്തി എക്സ്റ്റെൻഷൻ ട്രെയിനിംഗ് സെന്ററിൽ പരിശീലനത്തിനിടെ സൂചന (4) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശീലനകാലാവധി 3 മാസത്തെ ഇൻസർവ്വീസായി ഉത്തരവായതിനാൽ ടിയാനെ സൂചന (5) പ്രകാരം തൃശ്ശൂർ ജില്ലയിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II -തസ്തികയിൽ നിയമിച്ചിട്ടുള്ളതാകുന്നു.

സൂചന (6) പ്രകാരം ശ്രീ.ജിൻഷദ് ഹസ്സൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിൽ 25.05.2016 മുതൽ 06.10.2016 വരെ മണ്ണുത്തി എക്സ്റ്റെൻഷൻ ട്രെയിനിംഗ് സെന്ററിലെ പ്രീ-സർവ്വീസ് പരിശീലനകാലയളവ് ഇൻ സർവ്വീസ് ആയി പരിഗണിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പ്രീ-സർവ്വീസ് പരിശീലനം 3 മാസത്തെ ഇൻസർവ്വീസായി 25.05.2016 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുള്ളതിനാൽ ടി തീയ്യതി മുതൽ വില്ലേജ് എക്സെറ്റൻഷൻ ഓഫീസർ പ്രീ-സർവ്വീസ് പരിശീലനത്തിന് നിയമിതരായ എല്ലാ വില്ലേജ് എക്സെറ്റൻഷൻ ഓഫീസർമാരുടെയും പ്രീ-സർവ്വീസ് പരിശീലന കാലം സേവനകാലമായി പരിഗണിക്കാൻ അർഹതയുള്ളതായി ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്

1. ശ്രീ.ജിൻഷാദ് ഹസ്സൻ, വിഇഒ ഗ്രേഡ്-II (ഭരണിക്കാവ് BDO, [illegible])
2. എല്ലാ എഡിസി(ജ) മാർക്കും, പി.എയു, പ്രോജക്ട് ഡയറക്ടർമാർക്കും
3. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്

എസ്.എസ് 18;4;2016